**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകുകയും ഇതിനുള്ള സബ്സിഡി മാനദണ്ഡങ്ങൾ സ.ഉ(കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം നിശ്ചയിച്ചിട്ടുമുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ എന്നിവയ്ക്കുള്ള ധനസഹായങ്ങൾ, അവയുടെ ബാങ്ക് വായ്പയ്ക്കുള്ള പലിശ സബ്സിഡി, നൈപുണ്യ വികസനത്തിന് ആവശ്യമായ പരിശീലനങ്ങൾക്കുള്ള ധനസഹായം, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം പ്രകാരമുള്ള സഹായം, സംരംഭകത്വ പുനരുജ്ജീവന സമാശ്വാസത്തിന് സഹായം എന്നിവ നൽകാൻ കഴിയുന്നതാണ്. തദ്ദേശസ്ഥാപനതലത്തിൽ അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർ, സ്ത്രീകൾ മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളുടെ ഭാഗമായി ജനപങ്കാളിത്തത്തോടുകൂടി തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. KDISC മുഖാന്തരം നടപ്പാക്കുന്ന One Local Government One Idea പ്രൊജക്റ്റുവഴി പ്രാദേശിക തലത്തിൽ സംരംഭകത്വ വികസനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. 1.5 ലക്ഷം കുടുംബശ്രീ കുടുംബങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | തൊഴിൽ അവസരം സൃഷ്ടിക്കുക, 50000 പുതിയ സംരംഭങ്ങളുടെ രൂപീകരണം, ദുർബലരായ വിഭാഗങ്ങൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുക, എല്ലാ മൈക്രോ എൻറർപ്രൈസസ് യൂണിറ്റുകൾക്കും അതിന്റെ സംരംഭകർക്കും ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുക, നൂതന/സ്പെഷ്യൽ മൈക്രോ എൻറർപ്രൈസസുകൾ ആരംഭിക്കുക, കൺസോർഷ്യം രൂപീകരണം, നിലവിലുള്ള മൈക്രോ എൻറർപ്രൈസസുകളുടെ സുസ്ഥിരത ഉറപ്പാക്കൽ, വ്യക്തിഗത, സാമൂഹിക സേവനങ്ങൾക്കുള്ള സംരംഭകത്വ മാതൃകകളുടെ രൂപീകരണം, ടൂറിസം വികസനം പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ